**പത്രക്കുറിപ്പ്**


**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**

T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05


29.08. 2020

# വീട്ടിൽ കയറി കുട്ടികളെ മർദിച്ച സംഭവം: ബാലാവകാശ കമ്മീഷൻ കേസെടുത്തു

കൊല്ലം ജില്ലയിലെ കേരളപുരത്ത് അർദ്ധരാത്രിയിൽ വീടു കയറി തല്ലിയതിൽ മൂന്നു കുട്ടികൾക്ക് പരിക്കേറ്റ സംഭവത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ കേസെടുത്തു. രാത്രി ഒരു മണിക്ക് കുട്ടികളുടെ പിതാവ് ഇല്ലാതിരുന്ന സമയത്ത് അക്രമികൾ വീട്ടിൽ കയറി അക്രമം കാട്ടുകയായിരുന്നു. അമ്മയും എട്ട്, ഏഴ്, ഒന്നര വയസുള്ള കുട്ടികളുമാണ് ഈ സമയം വീട്ടിൽ ഉണ്ടായിരുന്നത്. സംഭവത്തിൽ കുട്ടികൾക്കുണ്ടായ മാനസിക പ്രയാസങ്ങളുടെ അടിസ്ഥാനത്തിലാണ് കേസെടുത്തത്. കമ്മീഷൻ അംഗം റെനി ആന്റണി, ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ സജി നാഥ്, ജില്ല ശിശു സംരക്ഷണ ഓഫീസർ പ്രസന്നകുമാരി എന്നിവർ കുട്ടികളുടെ വീട് സന്ദർശിച്ച് അമ്മയിൽ നിന്ന് മൊഴി രേഖപ്പെടുത്തി.

പബ്ലിക് റിലേഷൻസ് ഓഫീസർ